# നിറക്കൂട്ട്



published by

ST Cornelius higher secondary school kolayad

# താളുകൾ മറിക്കുമ്പോൾ


| | | |
|---|---|---|
| 1. വെറുതെ | വാണി കെ.കെ | 7 |
| 2. കലികാലം | ജോളി മാസ്റ്റർ | 8 |
| 3.ഭൂമി | അനശ്രീ കെ | 9 |
| 4.കാത്തിരിപ്പ് | റിയ മാത്യൂ | 10 |
| 5.ERA of 4th I.R | അഥീന മരിയ ഷാജി | 11 |
| 6.വർണ്ണശലഭം | മരിയ എലിസബത്ത് | 12 |
| 7.ഭൂമിയുടെ അവകാശികൾ | മെഹന എ | 13 |
| 8.പടുത്തുയർത്താം കേരളം | ഫാത്തിമത്ത് സന എ.പി | 14 |
| 9.പുലരി | നദീറ നസീർ | 15 |
| 10.കേരളനാട് | നിഫ ഷെറിൻ ടി.കെ | 16 |
| 11.സൗഹൃദം | ഫാത്തിമത്ത് റന | 17 |
| 12.A New Start | ഫാത്തിമത്ത് റന | 18 |
| 13.The world of misunderstandings | ഫാത്തിമത്തുൽ സന പി.വി | 19 |
| 14.A proud story;flood affected Kerala | ഫാത്തിമത്തുൽ തമന്ന | 20 |
| 15.കുടുംബം | മുഹമ്മദ് ഷാമിൽ | 21 |
| 16.എന്റെ ഓർമ്മ | അലൻ ജോൺസൺ | 22 |
| 17 തിരക്കുള്ള ചങ്ങാതി | ഹിസാന സി.എച്ച് | 23 |
| 18 To the brightness | ആര്യ സുരേന്ദ്രൻ | 24 |
| 19.കഥകളുടെ സുൽത്താൻ | അശ്വന്ത് പ്രഭാകരൻ | 25 |
| 20.തനിച്ച് | ആര്യ സുരേന്ദ്ര | 26 |
| 21 പ്രിയമുള്ള കൂട്ടുകാരിക്ക് | ചെൽസിയ | 27 |
| 22.മൗനം | ഹിസാന | 28 |
| 23.അമ്മയായ് മാറിയ മരം | ജോസഫിന കെ.ഷാജി | 29 |
| 24.വേനലിന്റെ ചൂട് | കൃഷ്ണമോൾ .വി | 30 |
| 25.യാത്ര | മാളവിക | 31 |
| 26.ബാല്യം | അനാമിക | 32 |

| | | |
|---|---|---|
| 27.വായന | ഹിസാന | 33 |
| 28.Life of a person | നദീറ നസീർ | 34 |
| 29. പുഴ തൻ ജീവിതം | ശ്രീഹരി | 35 |
| 30.നവകേരളത്തിനായ്.... | സഹല കാത്തുൻ | 36 |
| 31.അമ്മ | ഫാത്തിമത്ത് സന | 37 |
| 32.Loneliness | റിയ മാത്യൂ | 38 |
| 33. Tears of a holy Mother | ഹരിചന്ദന.സി | 39 |
| 34. സൂര്യനെ സ്നേഹിച്ച ബാലിക | റിറ്റി മൈക്കിൾ | 41 |
| 35. FOR MISERABLE | ബോസ്കോ ജോണി | 43 |
| 36. ചരിത്രമുറങ്ങുന്ന കോളയാട് | അഥീന മരിയ ഷാജി | 44 |
| 37.സാധ്യമോ ? | വിധു | 48 |

# ആശംസ



പൊതു വിദ്യാലയങ്ങൾ ശാക്തീകരിക്കുന്നതിന്റെ ഭാഗമായി നമ്മുടെ വിദ്യാലയങ്ങളും പഠനപ്രവർത്തനങ്ങളും ഹൈടെക് ആയിക്കൊണ്ടിരിക്കുന്ന ഈ കാലത്ത് 'ലിറ്റിൽ-കൈറ്റ്സ്' വിദ്യാർത്ഥികൾ ചേർന്നൊരുക്കുന്ന ഡിജിറ്റൽ മാസിക ഈ മേഖലയിലുള്ള ഒരു പുതിയ ചുവടുവയ്പ്പാണ്.ഇതു വഴി ഡിജിറ്റൽ ലോകത്തേക്ക് കൂടുതൽ പേർ ആകർഷിക്കപ്പെടട്ടെ എന്ന് ആശംസിക്കുന്നു.

സ്നേഹപൂർവ്വം:

എമിലി ടീച്ചർ

എച്ച്.എം

# ആശംസ

സെന്റ് കോർണേലിയൂസിലെ ലിറ്റിൽ കൈറ്റസ് ' വിദ്യാർത്ഥികൾ 'നിറക്കൂട്ടുകൾ' എന്ന പേരിൽ 2019 ൽ പ്രസിദ്ധീകരിക്കുന്ന ഡിജിറ്റൽ മാസികയ്ക്ക് എല്ലാ വിധ ആശംസ കളും നേരുന്നു.

വിദ്യാർത്ഥികളുടെ സർഗ്ഗാത്മക വാസനകൾ പുറത്തുകൊണ്ടുവരുന്നതിനുള്ള ഒരുത്തമവേദിയായി ഈ സംരംഭം വൻവിജയ മായിതീരട്ടെ എന്നാശംസിക്കുന്നു.

സ്നേഹപൂർവ്വം:

കൈറ്റ് മാസ്റ്റർ -മിഥുൻ.പി

കൈറ്റ് മിസ്ട്രസ്- നൈസിൽ തോമസ്

## എഡിറ്റോറിയൽ ബോർഡ്

മിഥുൻ മാസ്റ്റർ

നൈസിൽ ടീച്ചർ

വാണി കെ.കെ (സ്റ്റുഡന്റ് എഡിറ്റർ)

മരിയ എലിസബത്ത്

നദീറ നസീർ

അശ്വന്ത് പ്രഭാകർ

അശ്വിൻ ദേവ്

ആര്യ സുരേന്ദ്രൻ

മുഹമ്മദ് ഷാമിൽ

# വെറുതെ

മതങ്ങളേതായാലും
മനുജരൊന്നാണെന്ന്-
കാണിച്ചോരീ പേമാരിയിൽ
ജാതിമതക്കോട്ടകൾ
ഉരുൾപ്പൊട്ടലിൽ
എങ്ങോ ഒലിച്ചുപോയി

മനസ്സിലെ ഇരുൾ മൂടിയ
ദുഷിച്ച ചിന്തകൾ
പ്രളയജലം എങ്ങോ ഒഴുക്കി
കളഞ്ഞെങ്കിലും
ജാതികോമരങ്ങൾ
ഫണമുയർത്തി ഉറഞ്ഞു
തുള്ളുന്നതും കണ്ടു നാം.

ഇനിയൊരു മഹാപ്രളയത്തിൽ
എല്ലാമൊടുങ്ങി തീരട്ടെയെന്ന്
ആശിച്ചു പോയി ഞാൻ
വെറുതെ !

- വാണി കെ കെ
IX -B

# ഇത് കലികാലം

കലിയുടെ തേർവാഴ്ച തുടരുന്ന കാലം.
ഇരുളിന്റെ ശക്തികൾ പൊലിക്കുന്ന കാലം.
നന്മകൾ നാമ്പുകൾ ഞെരിയുന്ന കാലം.
തിന്മകൾ ക്രൂരമായി പെരുകുന്ന കാലം.
സത്യവും നീതിയും ഒന്നിച്ച് പോയി-
ട്ടാത്മാഹനി ചെയ്യുവാൻ വെമ്പുന്ന കാലം.
തിന്മതൻ തേരിൽ കുതിച്ച പായുന്നവർ
സിംഹാസനങ്ങളിൽ ഏറുന്ന കാലം.

നേരിന്റെ ,നെറിയുടെ ശാദ്വല ഭൂമിക
ചതിയുടെ കണ്ണിയാൽ അമരുന്ന കാലം.
തെമ്മാടിക്കൂട്ടങ്ങളൊന്നിച്ച് ചേർന്നതി-
ലോലമാം സത്യത്തെ ചീന്തുന്ന കാലം.
സത്യത്തിൻ ചോര ചികറിത്തെറിച്ചതി-
വികൃതമാം ചിത്രം മെനയുന്ന കാലം.
ചിതറിത്തെറിക്കുന്ന മാംസപിണ്ഡങ്ങളിൽ
ചതിയുടെ മുഷ്ടങ്ങൾ പടരുന്ന കാലം
വണ്ടുകൾ ഒന്നല്ലൊരുപാടുവേണമെ-
ന്നേറെ പൂക്കൾ കൊതിക്കുന്ന കാലം.
പുഞ്ചിരിതൻ പിന്നിലാരും നിനയ്ക്കാത്ത
വഞ്ചന ചേർത്തു വിലമ്പുന്ന കാലം.
ജന്മാന്തരങ്ങളിൽ കർമ്മബന്ധങ്ങളാൽ
കണ്ണുനീർത്തുകുന്നോർ ഏറുന്ന കാലം.
അവരുടെ കരളിലെ നേർത്ത ഞരമ്പിലൂ-
ടതിവേഗം അഗ്നിപടരുന്ന കാലം

കൂട്ടത്തിലുള്ളോൻെറ കുതികാൽ വെട്ടിയി-
ട്ടൊരുമതൻ സന്ദേശം പാടുന്ന കാലം
ഇത് കാലം, മനസ്സിൻെറ നന്മകളൊക്കെയും
പടിയിറങ്ങുന്ന കലിയുടെ കാലം

**ജോളി സാർ**

# ഭൂമി



ഇതാണനശ്വര കവി ഭാവനയുടെ

വിശ്വവിഹാര ഭൂമി

ഇതാ ഭഗീരഥയത്നം വിണ്ണിൽ

കനിവ് കറന്നൊരു ഭൂമി

മനോഹാരിത നിറയും ഭൂമി

കള കള നാദ മുയർത്തി ഒഴുകും പുഴയും

കിളി നാദങ്ങളാൽ നന്മയുണർത്തും

ഓരോ  പുലരിയും

ഇതാണ് സുന്ദര ഭൂമി

ഇതാണനശ്വര ഭൂമി

അഭിജിത്ത്.സി

# കാത്തിരിപ്പ്



എന്നും ഞാൻ സൂക്ഷിച്ചിരുന്ന
എൻ പുസ്തകത്താളിൽ നിന്നൊരു
മയിൽപീലി നിൻ ഓർമ്മയ്ക്കായ്
നീ തന്ന നല്ല ദിനങ്ങൾ തൻ മാധുര്യവും
നിൻ മിഴികളിൽ കണ്ട പ്രകാശവും
ഒറ്റപ്പെടലിന്റെ വേളയിൽ നീ തന്ന കരുത്തും
ഇന്ന ഞാൻ ഓർക്കുന്ന പ്രിയ സുഹൃത്തേ
ഒരു താങ്ങായ് തണലായ് നീ
കൂടെ നിന്ന ദിവസങ്ങളും
വേദനയുടെ നിമിഷങ്ങളിൽ നീ പകർന്ന
കരുത്തും സ്നേഹവും
ഇന്ന നീ എന്നെ പിരിഞ്ഞ് യാത്രയാകുമ്പോൾ
കൂടെ കൊണ്ടുപോവുകയാണോ ?
നിന്നോട് പിണങ്ങി അകന്നുനിന്ന നിമിഷങ്ങളും
നിന്നെ അവഗണിച്ചുകൊണ്ട് ഞാൻ നീങ്ങിയതും
ഓർത്ത് ഇന്ന ഞാൻ ഖേദിക്കുന്നു
നീ തന്ന നല്ല ഓർമ്മകളെ കൂട്ടുപിടിച്ച്
പുത്തൻ പ്രതീക്ഷകൾ മനസ്സിൽ തിരുകിവെച്ച്
നിന്റെയാ തിരിച്ചുവരവിനായ്
ഞാൻ കാത്തിരിക്കുന്നു.

# *ERA OF 4TH I R*

***The world is on the brink of a new all encompassing revolution moving at exponential speed. We are witnessing the emergence innovation technology trend such as Artificial intelligence,Internet of thinks,Robotics,3D printing,Nanotechnology and other technology. The of these technology combination break thoughts is the 4th''industrial revolution.***

***In order to optimistically leverage the 4th Industrial revolution of our progress we need governance,framework,protocols,and policy system. The 4th Industrial revolution can help India to attain progress***

***in different sectors and accelerate its transition to a developed nation. Realizing the importance of 4th Industrial Revolution the government of India set up centre for the 4th Industrial Revolution India in Mumbai. By working with central and state government and private sector,International organization we can design a civic Society group centre for 4th Industrial Revolutio***

***Indian government organised some mission such as start up India,and set up India,Our prime minister's ''Together for all development for all''call will be a key drive for inclusive growth and progress.***

***ATHEENA MARIYA SHAJI***

# വർണ്ണശലഭം



വർണ്ണങ്ങൾ ചാർത്തിയ
പൊൻചിറകുകൾ ഏന്തി
പാറിപറക്കുന്ന വർണ്ണശലഭമേ നീ.........
പൂവുകൾ തോറും
മധു നുകരുന്ന നിൻ
മനോഹാരിത കണ്ട് ഞാൻ
കൊതിച്ചീടുന്നു
വെയിലുകൾ പതിച്ച നിൻ
ചിറകുകൾ
സൂര്യപ്രകാശത്തിൽ തിളങ്ങീടുന്നു
സൂര്യപ്രകാശത്തിൽ നിൻ
ചിറകുതൾ തൻ ചാരുതയേറുന്നു
നിൻ മനോഹാരിത
ലോകഗോളത്തെ പുതുക്കുന്നു
പൂക്കൾ നിൻ സ്നേഹം
ആസ്വദിക്കാൻ മധു
നൽകീടുന്നു,പകർന്നീടുന്നു
പച്ചയുടുപ്പിട്ട ഈ പ്രകൃതിയിൽ
നിൻ വർണ്ണങ്ങൾ
പൂക്കളായി സ്നേഹമായി മാറീടുന്നു

മരിയ എലിസബത്ത്
IX ബി

# ഭൂമിയുടെ അവകാശികൾ



പ്രശസ്ത സാഹിത്യകാരൻ ബേപ്പൂർസുൽത്താൻ എന്ന വൈക്കം മുഹമ്മദ് ബഷീറിന്റെ വിലയേറിയ സംഭാവനകളിലൊന്നാണ് ഭൂമിയുടെ അവകാശികൾ.ഗ്രാമ്യഭാഷ നിറഞ്ഞുനിൽക്കുന്ന അദ്ദേഹത്തിന്റെ എല്ലാ കഥകളും നോവലുകളും ഏതൊരു വായനക്കാരനെയും രസിപ്പിക്കുകയും അതിലുപരി ചിന്തിപ്പിക്കുകയും ചെയ്യുന്നു.

ഈ ഭൂമിയുടെ ഉടമകൾ നാം മാത്രമല്ല എന്ന സത്യം അദ്ദേഹം ഭൂമിയുടെ അവകാശികൾ എന്ന കഥയിലൂടെ നമ്മെ ഓർമ്മിപ്പിക്കുന്നു.ചെറുതും വലുതുമായ സകലജീവികൾക്കും ഈ ഭൂമിയിൽ വസിക്കാനും അതിന് ഉപയോഗപ്പെടുത്തുവാനും നമുക്കുള്ളതുപോലെ അവകാശമുണ്ട്.ഈ അവകാശം നിഷേധിക്കുവാൻ ആർക്കും അവകാശമില്ല.ബഷീറിന് പ്രകൃതിയോടും അതിലെ ജീവജാലങ്ങളോടുമുള്ള ആത്മബന്ധം വ്യക്തമാക്കുന്ന കഥയാണ് ഭൂമിയുടെ അവകാശികൾ.നമ്മുടെ ജീവിതത്തിൽ ശല്യമുണ്ടാതിരിക്കാനായി പല ജീവികളെയും കൊല്ലുന്നു.അതിലുപരി ആഹാരത്തിനായും എത്ര സങ്കടകരമാണ് നമ്മുടെ കാര്യം!

സ്വന്തമായി വാങ്ങിയ പുരയിടത്തിൽ താമസിക്കാനെത്തിയതാണ് ബഷീറും കുടുംബവും.മുൻപേ അവിടെ താമസക്കാരായ പക്ഷികൾ,പ്രാണികൾ,പാമ്പ്,എലി,വവ്വാൽ തുടങ്ങിയ ജീവജാലങ്ങളെ കൊന്നൊടുക്കണമെന്ന് ഭാര്യ നിർബന്ധം പിടിക്കുന്നു.എന്നാൽ മനുഷ്യനെപോലെത്തന്നെ അവയ്ക്കെല്ലാം അവിടെ അവകാശമുണ്ടെന്ന് ബഷീർ വാദിക്കുന്നു.ബഷീറിന്റെ പ്രകൃതിസ്നേഹം ഏറ്റവും പ്രകടമായി കാണാൻ കഴിയുന്ന കഥയാണിത്.

വവ്വാലുകൾ നമ്മുടെ പൂർവീകരൊന്നുമല്ല.എന്നാൽ ദൈവത്തിന്റെ അസംഖ്യം സൃഷ്ടികളിൽ പെട്ടതാണവ.അവ അവയുടെ പങ്ക് എടുത്തതിനുശേഷമുള്ളതുകൊണ്ട് നമുക്ക് തൃപ്തിപ്പെടാം.നിശ്ചയമായും അവയ്ക്ക് തേങ്ങയുടെ മേൽ അവകാശമുണ്ട്.ഈ സംഭവം ഭൂമിയുടെ അവകാശികളിലെ പ്രധാന ഭാഗം തന്നെയാണ്.ഈ ഉത്തരത്തിന് എലികൾക്കും മറ്റു ഉരഗജീവികൾക്കും ജന്തുക്കൾക്കും പക്ഷികൾക്കും എല്ലാം ഇത്തരത്തിലുള്ള അവകാശം ഉണ്ട് എന്ന് ബഷീറിന്റെ ഭാര്യ ചോദിച്ചു.നമ്മൾ മനുഷ്യർക്ക് ഈ ഭൂമിയിൽ എന്തെങ്കിലും അവകാശം ഉണ്ടെന്ന് ജന്തുക്കൾ ചിന്തിക്കുന്നതായി തോന്നുന്നില്ല.ഈ ഭൂമി അവയുടേത് മാത്രമാണെന്ന് അവയും മനുഷ്യരുടേത് മാത്രമാണെന്ന് മനുഷ്യരും ചിന്തിക്കുന്നു.പക്ഷെ എല്ലാവർക്കും തുല്യഅവകാശമാണ് ഭൂമിയിലുള്ളതെന്ന് ആരും ചിന്തിക്കുന്നില്ല.മനുഷ്യർ ചുറ്റിക്കറങ്ങിനടന്ന് മറ്റുള്ള ജീവികളെ കൊന്നൊടുക്കുന്നു.നമുക്കാവശ്യം ശാസ്ത്രീയമായ ഒരു പുതിയ ജീവിതരീതിയാണ്.ഒരു ജീവിയെയും കൊല്ലാതെ ജീവിക്കാൻ നമ്മളെ സഹായിക്കുന്ന ഒരു പുതിയരീതി.നിശ്ചയമായും എല്ലാ ജീവജാലങ്ങളും ഭൂമിയുടെ യഥാർഥ അവകാശികൾ തന്നെയാണെന്ന് പറഞ്ഞുകൊണ്ട് നിർത്തുന്നു.

*മെഹന*

# പടുത്തുയർത്താം കേരളം



*ലോകം കണ്ടതിൽവച്ച് ഏറ്റവും വലിയ പ്രളയം നേരിട്ട നമ്മുടെ കേരളം ഇന്ന് ഉയർച്ചയുടെ പടവുകൾ കയറി കൊണ്ടിരിക്കുന്നു. തിരക്കുകൾ നിറഞ്ഞ ഈ ലോകത്ത് നവകേരളം പണിയാനുള്ള തിരക്കിലാണ് നമ്മൾ. നമ്മുടെ നവകേരളത്തിനുവേണ്ടി സ്വന്തം കുടുക്കകൾ പൊട്ടിച്ച എത്രയോ പിഞ്ചു കുഞ്ഞുങ്ങൾ നമ്മുടെ കേരളത്തിനു അഭിമാനമാണ് . ഇ ന്ന് ഉയർച്ചയെു പടവുകൾ കയറി കൊണ്ടിരിക്കുകയാണ് നമ്മുടെ കേരളം. ജാതിമതഭേദമന്യേ പ്രളയത്തിൽ നവകേരളത്തിനെയ് കൈകോർത്താ ജനങ്ങൾ ഇന്നും അതിനുവേണ്ടി പരിശ്രമിച്ചുകൊണ്ടിരികുന്നു. സംഘശക്തിയേുടെയും സ്നേഹത്തിന്റെയും വിത്തുകൾ പാകി ഓരോ ജനസമൂഹവും നവകേരളത്തിനായി പരിശ്രമിച്ചുകൊണ്ടിരികുന്നു. എല്ലാവരും ഒത്തൊരുമിച്ച് പ്രവർത്തിച്ചുകൊണ്ട് കേരളം നേരിട്ട ഏറ്റവും വലിയ ദുരന്തത്തെ എളുപ്പത്തിൻ മറി കടക്കാൻ നമുക്ക് സാധിച്ചു. ഇതിലൂടെ ഐക്യത്തിന്റെ തലം നമുക്ക് മനസിലാക്കാം.*

*ഇന്ന് കേരളത്തെ നമ്മൾ പുതുക്കിപണിയുകയാണ്.കേരളത്തെ പുതുക്കിപണിയുന്നതൊടപ്പം തകർന്നടിഞ്ഞ ഓരോ കുടുംബത്തെയും കൈപിടിച്ചുയർത്താനുള്ള പദ്ധതികൾ ആവിഷ്കരിക്കപ്പെടുകയാണ്. കാരുണ്യത്തിന്റെ മാലാഖമ്മാരായി കടന്നു വന്നു ഒരോ മത്സ്യതൊഴിലാളിയും നവകേരളസൃഷ്ടിയിൽ ഒരു മുഖ്യ പങ്ക് വഹിച്ചിട്ടുണ്ട്.മറ്റുള്ളവർക്ക് സഹായത്തിനായി സ്വന്തം ശരീരം താഴ്ത്ത് കൊട്ടുത്തു എന്നു വരെ നാം കേട്ടു ജാതിമറന്നു,സമൂഹം മറന്നു, സഹായത്തിനായി മാത്രം ജീവിച്ച ആ കുറച്ചു നല്ല നാളുകൾ,നമ്മുക്ക് ദുഃഖവും,സന്തോഷവും തന്ന ഒരു കാലമായിരുന്നു പ്രളയം.പ്രളയത്തിൽ എല്ലാം നഷ്ടമായിരുന്ന മനുഷ്യർക്ക് വേണ്ടി ക്യാമ്പ് വരെ നടത്തി.കഴിയുന്ന ദനസഹായവും വസ്തുക്കളും നൽകി.സ്വന്തം ജീവൻ നോക്കാതെ മറ്റുള്ളവർക്കായി ജീവിച്ചു.ഒരുമയോടെ എല്ലാം ചെയ്തു മനുഷ്യർ.നമ്മുടെ കേരളം*

*ഇന്ന് വളരെ വലിയ ഒരു ഉയർന്ന പതവിയിലാണ്.റോഡിനെ*

വൃത്തിയാക്കലിലൂടെ,പ്ലാസ്റ്റിക് ഉപയോഗം കുറക്കുതിലൂടെ നമ്മുടെ കേരളം മാറ്റാൻ സാധിക്കും.ഒരുമയോടെ മുന്നോട്ട് പോകാം ഇന്നത്തെ കേരളമാണ് നാളത്തെ ജനതയുടെ സമ്പത്ത്. പാവങ്ങളായ കർഷകർക്ക് സ്വന്തം നിലം നഷ്ടമായി.അവരുടെ അന്നം ഇല്ലാതായി.ഈ കഴിഞ്ഞ പ്രളയം വളരെ ദുഃഖകരമായ ഒരു അനുഭവമാണ് കേരള ജനതയ്ക്ക്.

*ഫാത്തിമ സന*

***9A***

# പുലരി



ആദിഉഷസ്സിൻ തേരിലറി
സിന്ദുരസന്ധ്യയാം സഞ്ചാരിണി
തന്നുടെ കാർമുഖിലേന്തിയ ആകാശ-
വീഥിയിൽ തിങ്കളും താരങ്ങളും.
ഞനവേദ്യം നൽകിയിട്ടാ-
സൗരമണ്ഡലത്തിന്റെ ദേവനും
സൗരഭ്യമായിയായ പൂവിനും
ആർദ്രനിദ്രയിലാണ്ടിടാൻ
വെണ്ണിലാവിൻ മെത്ത വിരിയിച്ചൊരാ
ജനനിയുടെ നെടുനിശ്വാസമാം താരാട്ടി-
നീരാടിയിൽ അങ്ങ് കിഴക്കേ
ചക്രവാളത്തിലൊരു ഘോഷത്തിൻ
ളുടി കൊട്ടിയിറങ്ങുകയായ്.........

-നദീറ നസീർ സി എച്ച്
IX-B

# കേരളനാട്




എന്റെ നാടെന്റെ നാട്
കേരളമാണെന്റെ ജന്മനാട്
കേരംനിറഞ്ഞൊരീ നല്ലനാട്
എന്റെ നാടെന്റെനാട്
പുഴകളുംപക്ഷിമൃകങ്ങളുമെല്ലാം
തിങ്ങിനിറഞ്ഞൊരീ നാട്
എന്റെ നാടെന്റെനാട്
കേരളം എന്നൊരു പൊന്നനാട്
എത്രമനോഹരം എന്റെ നാട്
എത്ര ശാന്തമാണെന്റെ നാട്
എത്ര സൗമ്യമാണെന്റെ നാട്
കേരളമണെന്റെജന്മനാട്........

നിഫ ഷെറിൻ

***IX A***

# സൗഹൃദം



സ്നേഹത്തിന്റെ വിത്തുകൾ

പാകിയ സൗഹൃദം

എൻ ഹൃദയത്തിൽ എന്നും

തേൻമഴയായി  ഒഴുകീടുന്നു

നൊമ്പരങ്ങൾ സ്നേഹമായ്

പിണക്കങ്ങൾ ഇണക്കങ്ങളായ്

ദുഃഖങ്ങൾ സന്തോഷങ്ങളായ്

എന്നും ഒരു ഓർമ്മയായ്

സൗഹൃദം മാറീടുന്നു

സൗഹൃദം എന്ന മൂന്നുവാക്കിൽ

ഒതുങ്ങുന്നതല്ല സൗഹൃദം

അതൊരു യാഗമായ്

ത്യാഗമായ് സ്നേഹമായ്

എന്നിൽ അണിഞ്ഞീടുന്നു

ഫാത്തിമ സന

**9A**

# A NEW START

When the ray of sunlight touched my face
I woke up from bed .as every new day is a new beginning. There is a lot of things to do.
We should never become desperate by thinking about the past and always try to live in the
beauty of presence .life is a great book of many chapters .so there will be  of course the stories of happiness and sadness .but it all depends on  how we face that .when the
drops of sadness come to our life we should never lose hope and think that there is always
a new day ahead .it is real message of life.

- Fathimath Rana
***IX-A***

# THE WORLD OF MISUNDERSTANDINGS

Through the childhood day passed
I always dreamed about you
I always wished to have someone like you
a friend, to be with me through my life
no one heard my cries
no one noticed the change in my face
everyone saw the negatives only
the world is like that............
they only sees our mistakes
they never cares about us
and that what hurt us
the world is full of misunderstandings
people never tries to understand but to misunderstand
that is the fate of life

-FATHIMATHUL SANA
IX-B

# A PROUD STORY; FLOOD AFFECTED KERALA



*It was the worse flood inKerala nearly a century that occured in the month of august . It was for the first time in Kerala's history that around35 dams were opened . There was a huge loss in Kerala due to this flood .many people lost their houses and even their life .but it is really a proud story for the people to tell that how they get relief from this .this relief from this .this rescue story of the state is really a model and inspiration for other contries .all the people in Kerala without any difference together worked for the relief of their fellow beings . The fishermen of Kerala was stood as a helping hand from this disasters .every people including our freek youth and ordinary people joined together for this mission . People never cared caste, religion or other discrimination and joined together . It shows the success of love and humanity . So every malayalie could proudly say that I am from Kerala where people faced a great disaster with on and love . So now Kerala is best known as ''human own .*

*By*

*THAMANNA*


## കുടുംബം

ഏതോരു കുടുംബവും ധന്യമാവാൻ കാത്തുസൂക്ഷിക്കേണ്ടുന്ന നിരവതി സംഗതികളുണ്ട്.ഒരു കൂട്ട് സംവിധാനമാണ് പലർ ചേർന്ന് നയിക്കുന്ന രംഗം.ആരു പിഴച്ചാലും ഗുരുതര തെറ്റുകൾ ഉരുണ്ടു കൂടും.നല്ല കുടുംബമാണ് നല്ല ലോകം നിർമിക്കുന്നത്.കുടുംബം വീക്ഷണത്തിന്റെ നേർരേഖയുമാണ്.ദൈവത്തിന്റെ അനുഗ്രഹമാണ് സന്തോശകരമായ കുടുംബ ജീവിതം.

കരയാനും പരസ്പരം കലഹിക്കാനും സംശയിക്കാനും സംഘർഷത്തിൽ ഏർപെടാനുള്ളതല്ല കുടുംബം.സ്നേഹിക്കാനും സഹകരിക്കാനും അതിലൂടെ മാനവ സമൂഹത്തിന്റെ സാമൂഹിക സമ്പത്ത് ശകക്തിപ്പെടുത്താനുമാണ് കുടുംബം

*മുഹമ്മദ് ഷാമിൽ*

# എന്റെ ഓർമ്മ




ഇന്ന് ഞാൻ എൻ
ഓർമ്മകളിലേക്ക്
തിരിഞ്ഞുനോക്കുമ്പോൾ
എൻ കണ്ണുകൾനീറീടുന്നു
എൻ മനസ് പിടയുന്നു
ജീവിതമാകുന്ന പാതയിൽ
ഞാൻ സഞ്ചരിച്ചവഴികളിൽ
ഓരോന്നായി ഞാൻ
ഓർക്കുന്നു.......

ഇന്നവ വെറും ഓർമ്മ മാത്രമായീ
എൻ മുന്നിൽ തെളിയുന്നു......

ഇനിയുമാ ഓർമ്മകളിലേക്ക്
തിരികെനോക്കുമ്പോൾ
എൻ മനം തുടിക്കുന്നു
എങ്കിലും...........
അത് സാധ്യമല്ല എന്ന തിരിച്ചറിവ്
എന്നെ തളർത്തുന്നു
മരണം വരെ ആ ഓർമ്മകൾ
എന്നിൽ നിലനിൽക്കട്ടെ എന്ന
പ്രാർത്തനയോടെ ഞാൻ ജീവി-
തം തുടരുന്നു..............

അലൻ ജോൺസൺ
9 E

# തിരക്കുള്ള ചങ്ങാതി

ആരും ഒന്നും പറയുന്നില്ല കേൾക്കുന്നില്ല
കനവിലും നിനവിലും
ഞാനെഞാനെന്നു മാത്രം
വാക്കുകളലച്ച് കോലാഹലമായൊതുങ്ങുന്നു
നിറങ്ങൾ കൂടിച്ചേർന്ന് ശൂന്യമായി
കാറ്റിൽ ചേരുന്നില്ല പറയാൻ വിട്ട വാക്കുകൾ
ആരും ഓർക്കുന്നില്ല നല്ലൊരു ചങ്ങാതിയെ
വേദനയാൽ പകുക്കുന്നില്ല
വെന്തു നീറിയ സത്യങ്ങൾ
ചിരി കരച്ചിലിനെ രണ്ട്
വൻകരകൾക്കിടയിലുള്ള തിരുത്ത് മാത്രം
ശബ്ദങ്ങൾ ഏകാന്തതയുടെ തുടക്കം
ഇത് ആരോ എഴുതിമറന്നുവച്ച ജീവിതം
നിനവിലും കനവിലും നിന്നെ
മാത്രം ഓർത്തിരിക്കാൻ
ഇനിയുമെത്ര കാരണങ്ങൾ!
ഇതാ ഒന്നു കൂടി നീ
ഞാൻ തന്നെയാണല്ലോ നീ.

*-ഹിസാന*


# *To the brightness*

While walking through the road
I began to think more bold
not about the beauty of nature
but the thoughts about the future
I also have dreams
as long like streams
to conquer those heights
I saw on those nights
I need a friend
to be with me till the life end
to hold my hand
to the darkest land
to make it bright
and to spread its light

-Arya Surendran

***ix A***

# കഥകളുടെ സുൽത്താൻ



## [വൈക്കം മുഹമ്മദ് ബഷീർ]

1908 ജനവരി 23-ന് വൈക്കം താലൂക്കിൽ തലയോലപ്പറമ്പിൽ ജനിച്ചു.കായി അബ്ദുറഹ്മാൻറെയും കുഞ്ഞാച്ചുമ്മയുടെയും മൂത്തമകൻ.തലയോലപ്പറമ്പിലുള്ള മലയാളം സ്കൂളിലും വൈക്കം ഇംഗ്ളീഷ് സ്കൂളിലും പഠിച്ചു.പഠനകാലത്ത് വീട്ടിൽ നിന്നും ഓളിച്ചോടി.അങ്ങനെ കോഴിക്കോടെത്തി.അങ്ങനെ അവിടെ നിന്നു ഇന്ത്യൻ കോൺഗ്രസ്സിൽ ചേർന്ന് സ്വതന്ത്രസമരത്തിൻറെ ഭാഗമായ് ഉപ്പുസത്ത്യാഗ്രഹത്തിൽ പങ്കുകൊണ്ടു.അതിനു പകരം ജയിൽശിക്ഷ അനുഭവിക്കുകയും ചെയ്തു.സ്വതന്ത്രസമരസേനാനി എന്ന നിലയിൽ നിരവതി ജയിലിൽ കിടന്നു.

പത്തുവർഷത്തോളം ഇന്ത്യയൊട്ടാകെ സഞ്ചരിച്ചു.പിന്നീട് ആഫ്രിക്ക,അറേബിയ എന്നീ രാജ്യങ്ങളിലും ഊറുചുറ്റി.ഈ കാലത്തു ചെയ്യാത്ത ജോലികളൊന്നുമില്ല.പിന്നെ കുറച്ചുകാലം ഹിമാലയസാനുക്കളിൽ ഹിന്ദു സന്യാസിയായി അലഞ്ഞു.ബാല്യകാലസഖി,പാത്തുമ്മയുടെ ആട്,ന്റുപ്പൂപ്പാക്കൊരാനേണ്ടാർന്ന് എന്നീ കൃതികൾ ഇന്ത്യയിലെ പ്രതാന ഭാഷകളിൽ തർജമ ചെയ്ത് പ്രസിദ്ദപ്പെടുത്തിയിട്ടുണ്ട്.കേന്ദ്ര സാഹിത്യ അക്കാദമിയും നാഷ്ണൽ ബുക് ട്രസററ് ഇന്ത്യയുമാണ്പ്രസാധകർ.ചില കൃതികൾ റൊണാൾട് ആഷർ ഇംഗളീഷിലേക്ക് തർജമ ചെയ്തു.മററു അനുവതി ഭാഷയിലും പ്രസിദ്ദീകരിച്ചിട്ടുണ്ട്.കേന്ദ്ര സാഹിത്യ അക്കാദമീയുടേയും കേരള സാഹിത്യ അക്കാദമിയുടെയും ഫെലോഷിപ്പ് ലഭിച്ചു.സാഹിത്യത്തിനും രാഷടിയത്തിനുമായി നാല് താമ്രപത്രങ്ങൾ.കേരള സർക്കാറിന്റെയും കേന്ദ്ര സർക്കാറിന്റെയും രാഷ്ട്രീയ പെൻഷൻ ലഭിച്ചിരുന്നു.ഇന്ത്യാ ഗവർണ്മെന്റ് പത്മശ്രീ നല്കി ആദരിച്ചു[1982].ഡോക്ടർ ഔഫ് ലെറ്റേഴസ് ബിരിദെ[1987].സംസ്കാരദീപം അവാർഡ്[1987].പ്രേംനസീർ അവാർഡ്[1992].ലളിതാംബിക അന്തർജനം സാഹിത്യ അവാർഡ്[1992].മുട്ടത്തുവർക്കി അവാർഡ്[1993].വള്ളത്തോൾ അവാർഡ്[1993].ജിദ്ദ അരങ് അവാർഡ്[1993].ഫാബി ബഷീറാണ് ഭാര്യ.ഷാഹിന,അനീസ് എന്നിവരാണ് മക്കൾ.

1994 ജൂലൈ 5-ന് നിര്യാതനായി....

**-അശ്വന്ത്.പി**

# തനിച്ച്

ജീവിതത്തിന്റെ ഒറ്റപ്പെട്ട വേളകളിൽ
ഈ ലോകം മുഴുവൻ എനിക്കുനേരെ തിരിഞ്ഞ നാളുകളിൽ
നിന്റെ ഒരു കരസ്പർശ്ശമായിരുന്നു എനിക്ക് ഏറ്റവും വലിയ ആശ്വാസം
എന്റെ കൈയ്യോട് കൈകോർക്കാനും
എന്നോടൊപ്പം ചേർന്നിരിക്കാനും നീ മാത്രമേ ഉണ്ടായിരുന്നുള്ളൂ
നീ എന്തിനവളോടൊപ്പം എന്ന ചോദ്യത്തിന് ഒരൊറ്റ ഉത്തരമേ നീ നൽകിയുള്ളൂ "അവൾ എന്റെ കൂട്ടുകാരിയാണ്".
എന്നാൽ ഇന്നാ ചോദ്യത്തിന് ഉത്തരം നൽകാതെ
എന്നോടൊപ്പം ചേർന്നിരിക്കാതെ
ആകാശത്തിലെ മേഘങ്ങളോടൊപ്പം നീ യാത്രയാവുമ്പോൾ
ഞാൻ വീണ്ടും "തനിച്ചായി".
ഇരുട്ടുള്ള രാത്രികളും പകലായ്മാറ്റാൻ നീ എന്റെകൂടെയുണ്ടായിരുന്നു
എങ്കിലും മായാത്ത ഓർമ്മകളുമായ് ഞാൻ നിന്നെ കാത്തിരിക്കും
എന്റെ പ്രിയ കൂട്ടുകാരിക്കുവേണ്ടി..........

-ആര്യ സുരേന്ദ്രൻ

*IX A*

# പ്രിയമുള്ള  കൂട്ടുകാരിക്ക്

ഇന്നിതുവരെയുള്ള പാതയിൽ
നാമിരുവരുടെയും കാൽപാടുകൾ പതിഞ്ഞ
മണൽത്തരികൾ മാത്രം....
അതും ഇനി കണ്ണാടിക്കൂടിനുള്ളിൽ
ബന്ധിക്കപെട്ട് പുറത്തുനിന്ന്
അവ്യക്തമായി കാണാം....
ഈ പഴയ പാതയ്ക്കു കൂട്ട്
നിശബ്ദമായ വിജനതയുടെ കാൽസ്വരം മാത്രം....
ഇതുവരെ,
നറുമലരിന് സുഗന്ധമെന്നപോലെ-
യായിരുന്നു നാം
ഇനിമുതൽ ആ മലരിനെ
വിട്ടുപറന്ന ഗന്ധമെന്നപോലെ നീ!
എന്റെ വിരലുകൾക്കിടയിലെ വിടവുകൾ
നിന്റെ വിരലുകൾ ചേർത്തുവെയ്ക്കാനുള്ള-
തായിരുന്നുവെന്ന് ഇവിടുത്തെ
കൊഴിഞ്ഞ മേപ്പിൾ ഇലകൾതെളിയിക്കുന്നു
ചെറുമാത്രകൾ തുള്ളി തുള്ളിയായ്
പകർന്നതും പുതുപുഞ്ചിരി
അല്പാൽപമായ് പങ്കുവച്ചതുമായി ബാക്കിയുള്ളവയും
നിനകാക്....
ഇക്കുറി ഇതിലേ നീ തനിച്ചുപ്പൊയ്-
ക്കൊൾകയെന്നോമലെ....
ഇനിയും ഒരു തെന്നലായ്
തഴുകട്ടെ ഞാൻ,
എനിയൊന്നു തിരിഞ്ഞുനോക്കട്ടെ ഞാൻ?

ചെൽസിയ

# മൗനം

മൗനത്തിൻ ഓളങ്ങളിൽ

വഴതിവീഴുമ്പോൾ,അതിനാഴങ്ങളില്

ആഴന്നിറങ്ങുമ്പോൾ

മൗനത്തിൻ ക്രൂരത നീയറിയുന്നുവോ...?

അറിയുന്നില്ലയോ...

ആ നിഗൂഢതയിൽ ഒലിച്ചിറങ്ങുമ്പോൾ

അതൊരു അരുവിയായി,കടലായ് മറുന്നു

ആ ഗിരിഗന്ധങ്ങൾ താണ്ടിവന്നിറങ്ങുമ്പോൾ,

നീ അറിയുന്നോ, നിൻ പരാജയം.

ആകാശത്തിൽ നക്ഷത്രങ്ങിളിൽ വെട്ടിത്തിളങ്ങുമ്പോൾ

കാറ്റിൽ വൃക്ഷലതാദികൾ ചാഞ്ചാടുമ്പോൾ,

മധുര സംഗീതത്തിൽ മഴത്തുള്ളി തിളക്കം

ഭൂമിയിൽ പതിക്കുമ്പോൾ...

നിൻ മൗനം ഗാഢവനത്തിനുള്ളിലെ

ഒരു പാവം ഇലയായി മാറുന്നു.

-ഫാത്തിമത്ത് ഹിസാന

*IX-B*

# അമ്മയായി മാറിയ മരം



മനോഹരമാം ചില്ലകൾക്കൊണ്ട്

മകുട മണിയിച്ച പൊൻവൃക്ഷമേ നീ

ചേതോഹരമാം പൂക്കൾകൊണ്ട്

നിറഞ്ഞിടുമ്പോൾ

നിൻ ശ്വസത്തിൽ അലിഞ്ഞിടു-

വാൻ ഞാൻ ആശിച്ചിടുന്നു.

തെന്നലായ് തണലായ് നീ

എന്നെ തഴക്കീടുമ്പോൾ

നിൻ രോമാഞ്ചം എന്നെ

പുൽകിടുന്നു

നിൻ കൂടെയായിരിക്കുമ്പോൾ

ഞാൻ എല്ലാം മറന്നിടുന്നു

അമ്മേ, നിന്റെ  മകളായിരിക്കുമ്പോൾ

നിൻ ചാരത്ത് അണയാൻ

ഞാൻ കൊതിച്ചിടുന്നു

ഇനിയൊരു ജന്മമുണ്ടെങ്കിൽ

നിൻ കൂടെയായിരിക്കാൻ

പ്രാർത്ഥിച്ചിടുന്നു.........

ജോസഫിന കെ ഷാജി

***IX B***

# വേനലിന്റെ ചൂട്




വേനലിന്റെ ചൂടിൽ നീറി നീറി

നീറുകയായി ഈ ജന്മം

തീരാത്ത വേനലിൻ ചൂടിലെരിഞ്ഞു ഞാൻ

നീറുകയായി ഈ ജന്മവും

ദാഹിച്ച വലയുന്ന കാറ്റിനു പോലും

പുച്ഛമായിന്ന് ഇവിടെ കഴിയുവാൻ

ഒരു തുള്ളി നീരിനായി അലയുന്നു ഞാനിന്ന്

ഒരു ജല ബാഷ്പമായി തഴുകുവാനായി

കാത്തിരിക്കുന്നു ഞാൻ ഓർത്തിരിക്കുന്നു

ഇനിയുള്ള നല്ല നാളുകൾക്കായി

-കൃഷ്ണ മോൾ.വി

***IX-C***

# യാത്ര



എങ്കിലും അയാൾ തന്റെ യാത്ര തുടരുകയും അവസാനം ലക്ഷ്യസ്ഥാനത്തെത്തുകയും ചെയ്യുന്നു.അവിടെ തനിക്കിനി ഏക ആശ്രയമുള്ള സ്ഥലം ജയിലാണെന്ന് അയാൾ തീർച്ചപ്പെടുന്നു.ജയിലിൽ ആഴ്ച്ചതോറും അർബാബ്മാർ തങ്ങളുടെ അടിമകളെ പരിശോധിക്കുന്നതിനായി വരും.കണ്ടുകിട്ടി

യാൽ അവന്റെ വിധി പിന്നീട് അവരാണ് നിശ്ചയിക്കുക.അങ്ങനെ നജീബിന്റെ അർബാബ് അവിടെ എത്തിയെങ്കിലും കണ്ടെത്താൻ സാധിക്കു

ന്നില്ല.ശേഷം എംബസ്സിയിലെ ആളുകൾ അയാളെനാട്ടിലെത്തിക്കുന്നു.അങ്ങനെ ഉണങ്ങി വരണ്ട മരുഭൂമിൽ പ്രതിക്ഷയുടെ നാമ്പ് പൊടിക്കുന്നു.ജീവിതത്തിൽ നഷ്ടപ്പെട്ടതെല്ലാം തിരികെ ലഭിക്കുന്നു.യഥാർത്ഥത്തിൽ നാലഞ്ച് വർ

ഷം അയാൾ ആടായി മാറുകയായിരുന്നു.അല്ലെ

ങ്കിൽ അയാളറിയാതെ തന്നെ.അവയെ പരിചരിച്ച

തിന്റെ പുണ്യമെന്നവണ്ണം ആയിരിക്കാം അയാൾക്ക് രക്ഷപ്പെടൽസാധ്യമായത്.അല്ലെങ്കിൽ നജീബും മണ്ണിനോട് ചേർന്നേനെ.എന്തു തന്നെ

യായാലും വായനക്കാരന്റെ കണ്ണിന്റെ ഈറണിയി

ക്കുന്നതും ഹൃദസപർശിയുമായ നോവലാണ് ആടുജീവിതം എന്നതിൽ തർക്കമില്ല.

-മാളവിക ഒ.എൻ

X-F

# ബാല്യം



അക്ഷര മാലകൾ നോക്കി ചിരിക്കുന്ന
പുസ്തക സഞ്ചിയണിഞ്ഞകാലം
ആടിനാടും പശുക്കുട്ടികളുമൊ-
ആർത്തു വിളിച്ച നടന്നകാലം

പച്ചമാങ്ങയും തേങ്ങയും
കട്ടുതിന്ന ബാല്യകാലം
കോലുമിഠായും നുണഞ്ഞ്
ആകാശത്തമ്പിളിമാമനെയും നോക്കി
നക്ഷത്രമെണ്ണി നടന്നകാലം
കുഞ്ഞുടുപ്പിട്ട് കുസൃതികാണിച്ച്
പൂക്കളമൊരുക്കിയ പോയക്കാലം
ബാല്യത്തിൻ ഓർമ്മ നുണയുമ്പാൾ
ഞാനും ഒരു കൊച്ച് കുഞ്ഞാവുന്നു....

Anamika

# വായന



വായന വായന വായന നമ്മുടെ

വായന വളരട്ടെ

വിജ്ഞാനത്തിൻ നിറകുടമേന്താൻ

വിജയം നേടീടാൻ

ചിന്തകൾ ചിന്തകളെന്നും നമ്മുടെ

നല്ലൊരു വഴികാട്ടി

നന്മവെളിച്ചം ഹൃദയസരസ്സിൽ വിളങ്ങിനിൽകട്ടെ,

കൂട്ടുകൂടാൻ കൂടെ നടത്താൻ ഉയരം തേണ്ടീടാൻ

ഒളിഞ്ഞിരിക്കും ഉത്തരമെല്ലാം

ഉയർത്തിക്കാട്ടീടാൻ

അറിയുക അറിയുക നല്ലൊരു

ചങ്ങാതികളെ നിങ്ങൾ.

അറിവിൻ അക്ഷയ ഖനിയിൽ മുങ്ങി

സ്നാനം ചെയ്തീടാൻ......

നന്മയിലൂന്നി തിന്മവെടിഞ്ഞൊരു

ചിന്തയിലലിയാനായ്

പുസ്തകങ്ങൾ വായിച്ചീട്ടു

പ്രബുദ്ധരയാട്ടു........

വിദ്യനേടി വിനയം കൊയ്ത്

അറിവുകളാക്കീടാം പുത്തൻ അറിവുകളാക്കീടാം.............

ഫാത്തിമത്ത് ഹിസാന

IX ബി

# LIFE OF A PERSON




Our life is nothing but emotion.
Its a rain that we can experience
having ends .............
Sad and happy moments and
memories
Gives a spice to the life.

Nadeera nazeer
IX-B

## പുഴ തൻ ജീവിതം



ഒഴുകുന്ന മണ്ണിന്റെ മാറിലൂടെ
തളിരുന്ന കുളിരോലും കൈകളാലെ
ഇരുവശം മാറ്റിത്തഴച്ച വന്ന
മാനവ സംസ്കാര കേദാരങ്ങൾ
ഇത് പുഴയുടെ പഴയകാലം
ഇന്നാണെങ്കിലോ പുഴയില്ലാതാകുന്ന

പുഴ കേഴുന്ന
വറ്റിയ പുഴയിൽ നീർ വലിയുന്ന
മുറ്റിയ പാമ്പുകൾ വേവുന്ന
തിമിടിന്ന കിടപ്പൂ മണലിൽ
ലോറികൾ നീണ്ട നിരയ്യോപ്പം

ശ്രീഹരി

# <u>നവകേരളത്തിനായി....</u>

നവേകരളത്തെിൻെറ പുനർനിർമ്മിക്കായി നമ്മളും പങ്കുചേരുന്നു. എല്ലാവരുടെയും ഒരുമ കാരണം നാം പ്രയാനന്തരമായ കേരളത്തെ അതിജീവിച്ചു. നവകേരള സൃഷ്ടിയിലൂടെ നാം പുതിയൊരു കേരളത്തെ പടുത്തുയർത്തു. നമ്മുടെ കരുത്തും സ്നേഹവുമാണ് അതിനാവശ്യം. നാം ഒരിക്കലും പ്രക്രതിയെ ഉപദ്രവിക്കാൻ പാടില്ല. അതിന് വേദനിച്ചാൽ അത് നമ്മെ തിരിച്ചും വേദനിപ്പിക്കും. അതിന് വലിയ ഉദാഹരണമാണ് കഴിഞ്ഞ വർഷം നമ്മുക്ക് മുന്നിൽ പ്രത്യക്ഷപ്പെട്ട പ്രളയം. ആ വലിയ മഹാദുരന്തിൽ ചിലർക്ക് വീടും, നാടും, സമ്പത്തും നഷ്ടമായി. അതിൽ നിന്ന് നാം കരകേറിയത് ജനങ്ങളുടെ ഒത്തൊരുമ കാരണമാണ്. ഒരോ മനുഷ്യനും ജീവിതത്തിൽ അത്യാവശ്യമായ കാര്യമാണ് ഒരുമ, നൻമ, സ്നേഹിക്കാനുള്ള കഴിവ്. ജാതിമതഭേദം നോക്കാതെ മറ്റുള്ളവരെ സഹായിക്കാനുള്ള കഴിവ്. ''ഒരുമയുണ്ടെങ്കിൽ ഉലകമേലും കിടക്കാം ''എന്ന പഴമൊഴി ഇവിടെ വളരെ അനുയോജ്യമാണ്. നാം അവിടെ സഹോദരി സഹോദരൻമാരാണെന്ന വിശ്വാസം നിലനിർത്തി.

നിരവധി ആൾക്കാർ വളരെ സഹകരണത്തോടുകൂടി നവകേരളത്തിനായി പരിശ്രമിക്കുന്നു. ഇന്ന് നാം ഒരു പുതിയ കേരളം പടുത്തുയർത്തുന്നു. ഇവിടെ നമ്മുക്ക് കേരളത്തിന്റെ ഐക്യത്തിന്റെ തലം കാണാൻ സാധിക്കുന്നു. കേരളത്തിനെ വളരെ നല്ല നിലയിലാക്കാൻ നവകേരളം എന്ന പദ്ധതിയിലൂടെ നമ്മുക്ക് കഴിയുന്നു. ഇന്ന് നമ്മൾ തകർന്നടിഞ്ഞ കേരളത്തെ പടുത്തുയർത്തുകയാണ്. കേരളത്തെ പുതുക്കിപണിയുന്നതോടൊപ്പം നാം തകർന്നടിഞ്ഞ ഓരോ കുടുംബത്തെയും ഓരോ കുടുംബത്തെയും കൈപിടിച്ചുയർത്താനുള്ള പദ്ധതികൾ ആവിഷ്കരികുന്നു. കേരളത്തിന്റെ കാരുണ്യത്തിനായി ദൈവദൂതരെ പോലെ മത്സ്യതൊഴിലാളികളും പങ്ക് ചേർന്നു. സ്വന്തം ശരീരം വരെ മറ്റുള്ളവർക്ക് സഹായം ചെയ്യാൻ താഴ്ന്ന് കൊടുത്ത കഥ വരെ നാം കേട്ടിരിക്കുന്നു. നാം എല്ലാവരും കഴിയുന്ന വിധം ദനസഹായവും നൽകി സഹായിച്ചു. നിരവധി സ്ഥലങ്ങളിലായി ക്യാമ്പുകൾ നിർമ്മിച്ചു. ജനങ്ങളെ സുരക്ഷിതരാക്കി, സ്വന്തം ജീവൻ മറന്നു പ്രവർത്തിച്ച നാളുകളായിരുന്നു.

സഹല കാത്തുൻ

**IX-A**

# അമ്മ



അമ്മ എന്ന രണ്ടക്ഷരം
കൊണ്ട് നിൻ മാതൃസ്നേഹം
ഞങ്ങളിലേക്കാവാഹിക്കുന്നു
നിൻ ഉദരത്തിലായിരുന്നപ്പോൾ
നിൻസദ്ഗുണങ്ങൾ,എന്നെ
ആനന്ദിപ്പിക്കുന്നു
പെറ്റുനോവറിഞ്ഞ എന്റെ
സ്നേഹമേ
നിൻ കൂടെയായിരിക്കുമ്പോൾ
സ്നേഹം എന്നെ പൊതിയുന്നു.....

ഫാത്തിമത്തുൽ സന
IX B

# LONELINESS



When I am sitting alone
I start thinking about you
But I don't know
who are you?

The wind blows
with a gentle touch
The bird cries
by flapping their wings.

When I listen to that
I again start realise about you
I dream that
you want to hold my hand.

I asked my mind
will you help me
to find  my bestie
to be with me for the rest....

I am still waiting
to get an answer
from you my heart...

Riya Mathew
IX-A

# Tears of a Holy Mother

She is a holy mother
We are born from
her woomb......
She is the creator
and she is the destroyer.
We starts our journey
from her and we
ends our journey in her......

Now she cries......
and we humans
are responsible for
her tears......

We have to help her
and we have to love her......
and let the strong
tears dissappear from her......

- HARICHANDANA .C
IX-B

# സൂര്യനെ സ്നേഹിച്ച ബാലിക



കിഴക്കുമലയുടെ മുകളിൽ നിത്യം
ഉദിച്ചുപൊങ്ങും കതിരവനേ
നിനക്കു വന്ദനം അരുളുവാൻ നിത്യം
ഉണർന്നിടുന്നു ഞാൻ പതിവായ്

മഞ്ഞായാലും മഴയായാലും
മടിച്ചുനിൽക്കുകയില്ല നീ
എന്നും തുടർച്ചയായാ തന്നെ നിന്നുടെ
ഉദയം മാറ്റമൊന്നുമില്ലാതെ !

ഇരുട്ടിനെ ആട്ടി അകറ്റി നീ
വെളിച്ചമെങ്ങും വിതറീടുന്നു
പ്രവൃത്തി ചെയ്യാൻ ശക്തിനൽകുന്നു
പവിത്രമല്ലോ നിൻ കർമ്മം !

ലോകത്തിൽ ഏതു കോണിലും
വലയം ചെയ്യും നിൻ പ്രകാശം....
എവിടെയും എന്നും നടന്നാലും
മാനത്തു നിന്നാലും നീ എല്ലാം ഗ്രഹിക്കുന്നു

മൂകനെ പോലെ എല്ലാം
ക്ഷമിക്കുന്നു നീ നിശബ്ദനായ്....

ദേവാ സൂര്യ ദേവാ
നിനക്കു വന്ദനം...

ലോകാരംഭം മുതലുള്ള
നിൻ പ്രഭാ കിരണങ്ങൾ
മനുഷ്യമനസ്സിലും പ്രഭ ചൊരിയേണം
ദേവാ പ്രഭ ചൊരിയേണം

ആകാശദേവതകൾ ആശ്ചര്യ
ത്തോടെ ഉറ്റുനോക്കുന്ന
ഈ പ്രപഞ്ചത്തെ, നിൻ
പ്രകാശത്താൽ നീ ധന്യമാക്കേണം

ആകാശ പരവതാനിയിലെ ജ്വലിക്കും
തീക്കനലായ്.....
ഉലകത്തെ പ്രകാശിപ്പിക്കുവാൻ
എന്നും നീ അവിടെയുണ്ടാവണം

ലോകമാതാവിന്റെ അരുമപുത്ര-
നായി എന്നും നീ പ്രഭചൊരിയണം

റിറ്റി മൈക്കിൾ
IX -A

# FOR MISERABLE

When did I wish to be a poet ?
When did I wish to give away
my secret poems to the world?
Ya.. when I think of the miseries
of the world
To lead the people from darkness
to light
I will give my life to them
I will help them to achieve
something in their life
I will share my wisdom to them
To those who are not having it...
Let my words flow an and on
To comfort and care the needy...

- Bosco Johny
X-C

# ചരിത്രമുറങ്ങുന്ന കോളയാട്



കോളയാട് എന്ന പേരിൽ ഉത്ഭവം ചരിത്രപര
മായ സംഭവമാണ്.ടിപ്പുവിന്റെ വയനാട്ടിലേക്കു
ള്ള പടയോട്ടകാലത്ത് ടിപ്പുവും സംഘവും കൊ
ള്ളയടിച്ച നാടാണ് കോളയാട്. കോളയാടിന്റെ
ഇന്നലകൾ എങ്ങനെയായിരുന്നിരിക്കും ?

മലയോങ്ങളുടെ ഈ നാടിന് വനങ്ങളു
ടെയും വന്യജീവികളുടെയും അതിവിദൂര ഭൂതകാലമുണ്ട്.
കാട് വെട്ടിത്തെളിച്ച് ഒറ്റയൊറ്റ
കൃഷിക്കളങ്ങളിലൂടെ ഒറ്റയൊറ്റ പാർപ്പിടങ്ങളി
ലൂടെ ഗ്രാമങ്ങളിലേക്ക് നടന്നുകയറിയ അതി
വിദൂരമല്ലാത്ത ഭൂതകാലമുണ്ട്.പിന്നെപ്പിന്നെ
കൂടുതൽ കാലൊച്ചകൾകേട്ടിരിക്കാം.നാട്ടുരാജാ
ക്കന്മാരുടെ അധികാരപരിധിയിൽ പെട്ടുപോ
യിരിക്കാം.ഏതെങ്കിലും ഭൂവുടമകളുടെ അതിർ
ത്തിനിർണയത്തിൽ പെട്ടുപോയിരിക്കാം.
അധ്വാനിക്കുന്നവൻ ചൂഷണം ചെയ്യപ്പെട്ടിരി
ക്കാം.ജാതിയുടെ കയറ്റിറക്കങ്ങൾ കണ്ടിരി
ക്കാം.അന്ധവിശ്വാസങ്ങളും അനാചാരങ്ങളും
കൊടികുത്തി വാണിരിക്കാം.പഴശ്ശിയുടെ
യുദ്ധമുറകൾ കണ്ടിരിക്കാം.ബ്രിട്ടീഷുകാരന്റെ
കാൽക്കീഴിൽ പെട്ടുപോയിരിക്കാം.കുറിച്യ
പടയാളികളുടെ അമ്പിന്റെ വീറും ശക്തിയും

കണ്ടിരിക്കാം.എന്നാൽ ഇന്ന് അതൊന്നുമല്ല കോളയാട്. ജാതികൾ തമ്മിലുള്ള അകൽച്ചയും അയിത്തവും ഇന്നലെകളുടെ നിഴൽപാടുകൾ മാത്രം.

ജന്മികളുടെ കാല്പാടുകൾപോലും മാഞ്ഞു പോയിരിക്കുന്നു.അധ്വാനിക്കുന്നവനാണ് ഇന്ന് കോളയാടിന്റെ വിധി നിർണ്ണയിക്കുന്നത്. അവൻ കടന്നുകയറുന്ന വഴികളാണ് അവന്റെ ഭാവി സംസ്കാരത്തെ നിർണ്ണയിക്കുന്നത്.പഴയ കാർഷികസംസ്കാരത്തിന് ഉടവ് തട്ടിയിരിക്കു ന്നു.പൊനം കൃഷിയും അവിടങ്ങളിൽ വിളയി ച്ചിരുന്ന അനുബന്ധ കൃഷികളും കോളയാടൻ 'കപ്പയും' അന്യംനിന്നുപോയിരിക്കുന്നു.പൊനം കൃഷിചെയ്യുന്നവന്റെയും കപ്പകൃഷി ചെയ്യുന്നവ ന്റെയും മനസ്സല്ല റബറും കശുവണ്ടിയും കൃഷി ചെയ്യുന്നവന്റേത്.ഈ അന്തരം സംസ്കാരത്തി ലും നിഴലിക്കാതിരിക്കില്ല.

ഇവിടെ നമ്പൂതിരിയും തീയനും നായരും പുലയനും എല്ലാം ഉൾക്കൊള്ളുന്നു.ഹൈന്ദവ ജനവിഭാഗങ്ങളുണ്ട്.മുസ്ലീം ക്രൈസ്തവ വിഭാഗ ങ്ങളുണ്ട്.പ്രാചീന സംസ്കാരത്തിലെ പ്രതിനി ധികളായ പണിയരും കുറിച്യരുമുണ്ട്.അവചരിത്രമുറങ്ങുന്ന കോളയാട്

കോളയാട് എന്ന പേരിൽ ഉത്ഭവം ചരിത്രപര മായ സംഭവമാണ്.ടിപ്പുവിന്റെ വയനാട്ടിലേക്കു ള്ള പടയോട്ടകാലത്ത് ടിപ്പുവും സംഘവും കൊ ള്ളയടിച്ച നാടാണ് കോളയാട്. കോളയാടിന്റെ ഇന്നലകൾ എങ്ങനെയായിരുന്നിരിക്കും ?

മലയോരങ്ങളുടെ ഈ നാടിന് വനങ്ങളു ടെയും വന്യജീവികളുടെയും അതിവിദൂര ഭൂതകാലമുണ്ട്. കാട് വെട്ടിത്തെളിച്ച് ഒറ്റയൊറ്റ

കൃഷിക്കളങ്ങളിലൂടെ ഒറ്റയൊറ്റ പാർപ്പിടങ്ങളി
ലൂടെ ഗ്രാമങ്ങളിലേക്ക് നടന്നുകയറിയ അതി
വിദൂരമല്ലാത്ത ഭൂതകാലമുണ്ട്.പിന്നെപ്പിന്നെ
കൂടുതൽ കാലൊച്ചകൾകേട്ടിരിക്കാം.നാട്ടുരാജാ
ക്കന്മാരുടെ അധികാരപരിധിയിൽ പെട്ടുപോ
യിരിക്കാം.ഏതെങ്കിലും ഭൂവുടമകളുടെ അതിർ
ത്തിനിർണയത്തിൽ പെട്ടുപോയിരിക്കാം.
അധ്വാനിക്കുന്നവൻ ചൂഷണം ചെയ്യപ്പെട്ടിരി
ക്കാം.ജാതിയുടെ കയറ്റിറക്കങ്ങൾ കണ്ടിരി
ക്കാം.അന്ധവിശ്വാസങ്ങളും അനാചാരങ്ങളും
കൊടികുത്തി വാണിരിക്കാം.പഴശ്ശിയുടെ
യുദ്ധമുറകൾ കണ്ടിരിക്കാം.ബ്രിട്ടീഷുകാരന്റെ
കാൽക്കീഴിൽ പെട്ടുപോയിരിക്കാം.കുറിച്യ
പടയാളികളുടെ അമ്പിന്റെ വീറും ശക്തിയും
കണ്ടിരിക്കാം.എന്നാൽ ഇന്ന് അതൊന്നുമല്ല
കോളയാട്. ജാതികൾ തമ്മിലുള്ള അകൽച്ചയും
അയിത്തവും ഇന്നലെകളുടെ നിഴൽപാടുകൾ
മാത്രം.

ജന്മികളുടെ കാല്പാടുകൾപോലും മാഞ്ഞു
പോയിരിക്കുന്നു.അധ്വാനിക്കുന്നവനാണ് ഇന്ന്
കോളയാടിന്റെ വിധി നിർണ്ണയിക്കുന്നത്.
അവൻ കടന്നുകയറുന്ന വഴികളാണ് അവന്റെ
ഭാവി സംസ്കാരത്തെ നിർണ്ണയിക്കുന്നത്.പഴയ
കാർഷികസംസ്കാരത്തിന് ഉടവ് തട്ടിയിരിക്കു
ന്നു.പൊനം കൃഷിയും അവിടങ്ങളിൽ വിളയി
ച്ചിരുന്ന അനുബന്ധ കൃഷികളും കോളയാടൻ
'കപ്പയും' അന്യംനിന്നുപോയിരിക്കുന്നു.പൊനം
കൃഷിചെയ്യുന്നവന്റെയും കപ്പകൃഷി ചെയ്യുന്നവ
ന്റെയും മനസ്സല്ല റബറും കശുവണ്ടിയും കൃഷി
ചെയ്യുന്നവന്റേത്.ഈ അന്തരം സംസ്കാരത്തി
ലും നിഴലിക്കാതിരിക്കില്ല.

ഇവിടെ നമ്പൂതിരിയും തീയനും നായരും പുലയനും എല്ലാം ഉൾക്കൊള്ളുന്നു.ഹൈന്ദവ ജനവിഭാഗങ്ങളുണ്ട്.മുസ്ലീം ക്രൈസ്തവ വിഭാഗങ്ങളുണ്ട്.പ്രാചീന സംസ്കാരത്തിലെ പ്രതിനിധികളായ പണിയരും കുറിച്യരുമുണ്ട്.അവരുടെ ഒക്കെ സംസ്കാരിക സവിശേഷതകളും ഭിന്നങ്ങളാണ്.വൈവിധ്യപൂർണമാണ്.കാർഷികസംസ്കാരത്തിന്റെ സ്വയം പൂർണതയിൽ നിന്നുയിർകൊണ്ട് വിശ്വാസങ്ങളും ആചാരങ്ങളും അനുഷ്ഠാനങ്ങളും കലാരൂപങ്ങളും വിനോദങ്ങളും ഗാനങ്ങളും എല്ലാം ഓരോ ജനവിഭാഗത്തിലും വ്യത്യസ്ത രൂപഭാവങ്ങളിൽ നിലനിൽക്കുന്നുണ്ട്.കോളയാടിനെ സംബന്ധിച്ചെട്ടത്തോളം സാംസ്കാരിക സമ്പർക്കത്തിന്റെയും സാംസ്കാരികമായ ഒറ്റപ്പെടലിന്റെയും വ്യത്യസതചിത്രങ്ങളുണ്ട്.

അതീന മരിയ ഷാജി
X-C

# സാധ്യമോ?

ഇവിടെയിനി ജീവിതപുലരികൾ സാധ്യമോ?
ഇവിടെയിനി മറയുന്ന പുഴകളും സാധ്യമോ?
ഇവിടെയിനി രമ്യമാം ജീവിതം സാധ്യമോ?
ഇവിടെയിനി പകൃതിയുടെ രോദനം സാധ്യമോ?
(ഇവിടെയിനി ജീവിത )2

ഇവിടെയിനി ചേതമാം ചേതനകൾ സാധ്യമോ?
ഇവിടെ അകളങ്കമാം ദൃശ്യങ്ങൾ സാധ്യമോ?
ഇവിടെ ഈ ഭൂവിലിനി വലതും സാധ്യമോ?
ഇവിടെയിനി മാനവ ശ്രോധസ്സ് സാധ്യമോ?
(ഇവിടെയിനി ജീവിത)......

ഇവിടെയിനി ഇലകളുടെ പൊഴിയലും സാധ്യമോ?
ഇവിടെയിനി കടലിന്റെ തിരകളും സാധ്യമോ?
ഇവിടെയിനി വായുവിൻ തരികളും സാധ്യമോ?
ഇവിടെയിനി പൊഴിയുന്ന മഴകളും സാധ്യമോ?
(ഇവിടെയിനി ജീവിത)

-വിധു